അമൃതപുരി കാമ്പസിൽ നടക്കുന്ന ദക്ഷിണേന്ത്യൻ കോളേജുകളുടെ സാങ്കേതികശില്പശാല വി.എസ്.എൻ.എൽ. വൈസ് പ്രസിഡൻറ് എ.എസ്. മേനോൻ ഉദ്ഘാടനം ചെയ്യുന്നു

അമൃതപുരി കാമ്പസിൽ ശില്പശാലയ്ക്ക് ഇന്ന് സമാപനം

വള്ളിക്കാവ്:അമൃത വിശ്വവിദ്യാപീഠം വള്ളിക്കാവ് കാമ്പസിൽ നടക്കുന്ന ദക്ഷിണേന്ത്യൻ കോളേജുകളുടെ സാങ്കേതികശില്പശാല റിലിക്വ-06 ശനിയാഴ്ച സമാപിക്കും. ശില്പശാലയുടെ ഉദ്ഘാടനം വി.എസ്.എൻ.എൽ. വൈസ് പ്രസിഡൻറ് എ.എസ്. മേനോൻ നിർവഹിച്ചു. കർണ്ണാടക, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിൽനിന്നായി 38 എൻജിനിയറിങ് കോളേജുകളിൽനിന്നുള്ള വിദ്യാർത്ഥികളാണ് ശില്പശാലയിൽ പങ്കെടുക്കുന്നു. ടെക്നിക്കൽ പ്രസന്റേഷൻ, പ്രോജക്ട് ഡെമോ, ടെക്നിക്കൽ ക്വിസ്, സർക്യൂട്ട് ഡിസൈൻ സയൻസസ് ജേർണൽ, ടെക്സ്പീക്കർ എന്നീ പരിപാടികളാണ് ശില്പശാലയിൽ നടക്കുന്നത്.

ശനിയാഴ്ച നടക്കുന്ന സമാപനസമ്മേളനം സംസ്ഥാന വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടർ സജിത് വിജയരാഘവൻ ഉദ്ഘാടനം ചെയ്യും. ഡോ. എൻ. രാജേന്ദ്രൻ, ജ്യോതി രമേശൻ എന്നിവർ പങ്കെടുക്കും.